**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3271** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദേശരാജ്യങ്ങളിൽ തൊഴിലവസരം തേടുന്ന മലയാളികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നത് പരിഗണിച്ച് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എസ് സി. ഇ ആർ.ടി യുടെ നേതൃത്വത്തിൽ കേരള കരിക്കുലം ഫ്രെയിംവർക്ക് 2023 രൂപീകരിക്കുന്നതിന് വേണ്ടി നടത്തിയ ജനകീയ ചർച്ചകളിൽ ഇംഗ്ലീഷ് പഠനത്തിൽ പൊതു സമൂഹത്തിന്റെ താൽപര്യങ്ങൾ വ്യക്തമാക്കപ്പെട്ട ചർച്ചകൾ ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭാഷാ സമീപന നിലപാട് രേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ നിലപാട് രേഖയെ അടിസ്ഥാനമാക്കി പാഠ്യപദ്ധതി ചട്ടക്കൂട് 2023 രൂപീകരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസ്സുകളിൽ 2024-25 അധ്യയന വർഷം നടപ്പിൽവരുത്തി. ഇംഗ്ലീഷ് പഠനരീതിയിൽ കാലാനുസൃതമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് പരിഷ്കരിച്ച പാഠപുസ്തകങ്ങൾ.<br><br>2, 4, 6, 8, 10 ക്ലാസ്സുകളിൽ പരിഷ്ക്കരിച്ച പുസ്തകങ്ങൾ അടുത്ത അധ്യയനവർഷം നടപ്പിലാക്കും. ഇംഗ്ലീഷ് ഭാഷയിൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് പോലെയുള്ള പ്രത്യേക പ്രവർത്തനങ്ങൾ കഴിഞ്ഞ അധ്യയന വർഷങ്ങളിൽ നടന്നിരുന്നു. ഈ വർഷവും ഇംഗ്ലീഷ് ഭാഷയിൽ എല്ലാ കുട്ടികളും മികച്ച നിലയിൽ എത്തുന്നതിന് പ്രത്യേക പ്രവർത്തന പരിപാടി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ് (DCE)എന്ന സ്ഥാപനം പതിനാല് ഡയറ്റുകളുടെ അനുബന്ധമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. കൈറ്റിന്റെ നേതൃത്വത്തിൽ 'ഇംഗ്ലീഷ് ക്യൂബ്' എന്ന പ്രത്യേക ഇംഗ്ലീഷ് പഠന പരിപാടിയും വിദ്യാലയങ്ങളിൽ നടന്നുവരുന്നു. |
| (ബി) | ഒന്നാം ക്ലാസ്സ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പരസ്പരാശയവിനിമയം അഥവാ ഇന്ററാക്ഷന് പ്രാധാന്യം നൽകി തയ്യാറാക്കിയ കേരളാ പാഠ്യ പദ്ധതി ചട്ടക്കൂട് 2023 നെ അടിസ്ഥാനമാക്കിയുള്ളതാണ് ഇംഗ്ലീഷ് പാഠ്യപദ്ധതി. പാഠപുസ്തകങ്ങളും, പ്രവർത്തന പുസ്തകങ്ങളും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളും ഇതിന്റെ ചുവട് പിടിച്ചാണ് തയ്യാറാക്കുന്നത്. 1, 3, 5, 7, 9 ക്ലാസുകളിൽ 2024-25 അധ്യയന വർഷം നടത്തിയ പാഠപുസ്തകപരിഷ്കരണത്തിലൂടെ ഇത് ക്ലാസ് മുറിയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. 2, 4, 6, 8, 10 ക്ലാസ്സുകളിൽ 25-26 അധ്യയന വർഷം പരിഷ്ക്കരണം നടക്കും. പുതിയ പാഠ്യപദ്ധതി പ്രാവർത്തികമാകുന്നതോടു കൂടി പഠിതാക്കളുടെ ഇംഗ്ലീഷിലുള്ള ആശയവിനിമയശേഷിയിൽ ആശാവഹമായ പുരോഗതി ഉണ്ടാകുമെന്ന് കരുതുന്നു. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി കാര്യക്ഷമമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. അതുകൊണ്ട് തന്നെ ആശയവിനിമയം പ്രത്യേകമായി പഠിപ്പിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ